കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഭരണച്ചെലവിനായി ചെലവഴിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.999/2017/തസ്വഭവ തിരുവനന്തപുരം, തീയതി,30-03-2017**

================================================================================

പരാമർശം: 1. സ.ഉ.(കൈ)നം. 187/2016/തസ്വഭവ തീയതി 03-12-2016

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 21-03-2017 തീയതിയിലെ 16790/EGS-Cell4/2011/CRD നമ്പർ കത്ത്.

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാന-ജില്ലാ- ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം ഭരണച്ചെലവ് ഒരു വർഷത്തെ ആകെ ചെലവിന്റെ നാലു ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്നും നാലു ശതമാനത്തിൽ കൂടുതൽ തുക വേതനം നൽകുന്ന പഞ്ചായത്തുകളിൽ തസ്തികകളുടെ എണ്ണം സംബന്ധിച്ച് മിഷൻ ഡയറക്ടർ വാർഷിക വിലയിരുത്തൽ നടത്തി തസ്തികകളുടെ എണ്ണം ക്രമീകരിക്കണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ പല പഞ്ചായത്തുകളിലും ഭരണച്ചെലവ് നാലു ശതമാനം എന്ന പരിധിയിൽ നിലനിർത്താൻ സാധിക്കാത്തതിനാൽ ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടെന്നും സംസ്ഥാനതലത്തിൽ ഈ വർഷം ഇതുവരെയുള്ള ഭരണച്ചെലവ് 4.65 ശതമാനം മാത്രമാണെന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ ആകെ പദ്ധതിച്ചെലവിന്റെ 6% ഭരണച്ചെലവുകൾക്കായി വിനിയോഗിക്കാമെന്ന കേന്ദ്രസർക്കാറിന്റെ 2016-17 ലെ മാസ്റ്റർ സർക്കുലറിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മുൻ ഉത്തരവിൽ ഇളവ് നൽകണമെന്ന് പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാസ്റ്റർ സർക്കുലറിലെ ഖണ്ഡിക നം: 2 .9 . 1 .4 പ്രകാരം ആകെ ചെലവിന്റെ 0.5% തുക സോഷ്യൽ ഓഡിറ്റിനായി നീക്കിവെക്കേണ്ടതാണെന്ന വ്യവസ്ഥയിന്മേൽ 2016-17 വർഷം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ആകെ ചെലവിന്റെ 5.5% തുകവരെ ഭരണ ചെലവിനായി വിനിയോഗിക്കുവാനുള്ള അനുവാദം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ടി.കെ.ജോസ്

പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ